**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1036** **29-06-2026-ൽ മറുപടിയ്ക്ക്**

**പി.എം.ശ്രീ. പദ്ധതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. എൻ. ബാലഗോപാൽ

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** വിദ്യാഭ്യാസ മേഖലയിലെ വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളിലായി സംസ്ഥാനത്തിന് ഇനിയും ലഭിക്കാനുള്ള ആകെ തുക എത്രയാണെന്ന് അറിയിക്കാമോ;

**മറുപടി:** പൊതുവിദ്യാഭ്യാസ മേഖലയിലെ വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളിലായി സംസ്ഥാനത്തിന് ഇനിയും ലഭിക്കാനുള്ള ആകെ തുകയുടെ വിശദാംശങ്ങൾ **അനുബന്ധമായി** ചേർക്കുന്നു.

**(ബി)** പി.എം.ശ്രീ. പദ്ധതി ആരംഭിച്ചതിന് ശേഷം ബന്ധപ്പെട്ട എന്തെങ്കിലും പ്രവർത്തനങ്ങൾ കേരളത്തിൽ ആരംഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

**മറുപടി:** ഇല്ല.

**(സി)** പി.എം.ശ്രീ. പദ്ധതി ഫണ്ട് ഇത് വരെ സംസ്ഥാനത്തിന് ലഭ്യമായിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

**മറുപടി:** ഇല്ല. എന്നാൽ പി.എം. ശ്രീ പദ്ധതിക്കായുള്ള ധാരണാപത്രത്തിൽ ഒപ്പുവച്ചതിനെ തുടർന്ന് 2025-26 വർഷത്തിൽ സമഗ്ര ശിക്ഷാ കേരളം പദ്ധതിക്ക് തടഞ്ഞുവച്ച 99.27 കോടി രൂപ കേന്ദ്രവിഹിതമായി സംസ്ഥാനത്തിന് ലഭിക്കുകയുണ്ടായി.

**(ഡി)** പി.എം.ശ്രീ. പദ്ധതിയുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരുമായി ഒപ്പിട്ട ധാരണാപത്രം മരവിപ്പിക്കാൻ സർക്കാർ കത്ത് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

**മറുപടി:** മുൻ സർക്കാരിന്റെ കാലത്ത് പി.എം. ശ്രീ. പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതിനുള്ള ധാരണാപത്രത്തിൽ 2025 ഒക്ടോബറിൽ ഒപ്പിട്ടിരുന്നു. എന്നാൽ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ആശങ്കകൾ ഉയർന്നുവന്ന സാഹചര്യത്തിൽ പദ്ധതി റിവ്യൂ നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി മുൻ പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി ചെയർമാനായി ഒരു മന്ത്രിസഭാ ഉപസമിതി രൂപീകരിക്കുകയും പ്രസ്തുത മന്ത്രിസഭാ ഉപസമിതി റിപ്പോർട്ട് സമർപ്പിക്കുന്നതുവരെ പി.എം. ശ്രീ പദ്ധതിയുമായി ബന്ധപ്പെട്ട തുടർ നടപടികൾ സ്വീകരിക്കുന്നത് നീട്ടിവയ്ക്കുകയാണെന്ന് 12/11/2025 തീയതിയിലെ കത്ത് മുഖേന കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

**(ഇ)** പി.എം.ശ്രീ. പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന് താൽപ്പര്യമില്ലാത്തതിനാൽ അവിടെ തുടങ്ങാനായിട്ടില്ല എന്ന് കേന്ദ്ര സർക്കാർ ഏതെങ്കിലും കോടതിയിൽ സത്യവാങ്മൂലം നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

**പൊതുവിദ്യാഭ്യാസ മേഖലയിലെ വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളിലായി സംസ്ഥാനത്തിന് ഇനിയും ലഭിക്കാനുള്ള ആകെ തുകയുടെ വിശദാംശങ്ങൾ**

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | സംസ്ഥാനത്തിന് ലഭിക്കാനുള്ള കേന്ദ്ര വിഹിതം ( As on 25/06/2026) **(തുക കോടിയിൽ)** |
|---|---|---|
| 1. | സമഗ്ര ശിക്ഷാ കേരളം (SSK) | 1151.48 |
| 2. | പി.എം ജന്മൻ (Pradhan Mantri Janjati Adivasi Nyaya Maha Abhiyan)(P M JANMAN) | 5.598 |
| 3. | ഡി.എ.ജെ.ജി.യു.എ (Dharti Aaba Janjatiya Gram Utkarsh Abhiyan (DA JGUA) | 3.57 |
| 4. | ഡയറ്റ് ഓഫ് എക്സലൻസ് (DIET of Excellence) | 21.443 |
| | **ആകെ** | **1182.091** |